**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 201** **15-10-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യക്ഷേമ രംഗത്ത് സഹകരണമേഖലയുടെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യക്ഷേമ രംഗത്ത് സഹകരണമേഖലയുടെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സാമൂഹ്യക്ഷേമ രംഗത്ത് സഹകരണമേഖല, ശക്തമായ ഇടപെടലുകൾ നടത്തിവരുന്നു. അതിന്റെ ഭാഗമായി സഹകരണ വകുപ്പ് നിരവധി പദ്ധതികൾ നടത്തി വരുന്നു. ആയത് ചുവടെ ചേർക്കുന്നു:-<br><br>i) **<u>കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി</u>:-** കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനില്ക്കുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് **കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി**. ഈ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മരണാനന്തര/ ചികിത്സാ ധനസഹായമായി 36,574 വായ്പകളിലായി 327.12 കോടി രൂപയുടെ ധനസഹായം അനുവദിച്ചു നല്കിയിട്ടുണ്ട്.<br><br>**<u>ii) അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി:-</u>**അശരണരായ സഹകാരികൾക്കുള്ള ആശ്വാസനിധി എന്ന പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 387 അപേക്ഷകളിലായി 1,02,80,000/- രൂപ ധന സഹായം അനുവദിച്ചിട്ടുണ്ട്.<br><br>**<u>iii) കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി:-</u>** സഹകരണ സംഘങ്ങളിലെ ഗുരുതര |

രോഗം ബാധിച്ച അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനായി **കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി** ആവിഷ്കരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ 39837 ഗുണഭോക്താക്കൾക്കായി ആകെ 83,33,95,000/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**iv) പുനർജ്ജനി പദ്ധതി:-**സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തന ക്ഷമമായ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളേയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളായി മാറ്റുന്നതിനായി പുനർജ്ജനി പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി മുഖാന്തിരം ആകെ 28 സംഘങ്ങൾക്ക് നാളിതുവരെ ധനസഹായം നൽകിയിട്ടുണ്ട്.

**v)പാലിയേറ്റീവ് കെയർ പദ്ധതി:-** കേരള സർക്കാർ സഹകരണ വകുപ്പ് രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ **പാലിയേറ്റീവ് കെയർ പദ്ധതി** നടപ്പിലാക്കിയിട്ടുണ്ട്.

**vi) കെയർ ഹോം പദ്ധതി:-**2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയാണ് ഇത്. സംസ്ഥാനത്തൊട്ടാകെ 2093 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

**കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടമായി** 2018-ലും 2019-ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതി ക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിന് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. 40 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ആദ്യ ഭവനസമുച്ചയം തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിൽ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഭവനസമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**<u>vii) "മുറ്റത്തെ മുല്ല്"</u>:-കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പ്പാ പദ്ധതി** ഗ്രാമീണ മേഖലയിൽ സമൂഹത്തിന്റെ താഴെ തട്ടിലുള്ള കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും ഒരു പരിധിവരെ മോചിപ്പിക്കുന്നതിന് സഹായകരമായിട്ടുണ്ട്. ടി പദ്ധതി 14 ജില്ലകളിലും വിജയകരമായി നടപ്പിലാക്കി വരുന്നു.

**<u>viii) സ്നേഹതീരം വായ്പ്പാ പദ്ധതി:-</u>** ഒരു പൈലറ്റ് പ്രോജക്ടായി കോട്ടയം ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ തീരദേശ ജില്ലകളിലേയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലേയും മത്സ്യതൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യമാണ് പദ്ധതിയ്ക്കുള്ളത്. പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു.

**<u>ix) അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി:-</u>** ഈ പദ്ധതി പ്രകാരം പെരിന്തൽമണ്ണ ഇ.എം.എസ്. ആശുപത്രിയുമായി സഹകരിച്ച് 2017-2022 കാലയളവിൽ അട്ടപ്പാടി മേഖലയിലെ പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി സൂപ്പർ സ്പെഷ്യലിറ്റി ചികിത്സ ലഭ്യമാക്കുന്ന പ്രവർത്തനം നടത്തി. ഗർഭിണികളായ സ്ത്രീകൾക്കും ശിശുക്കൾക്കും പ്രത്യേക പരിചരണവും പോഷകാഹാരവും ലഭ്യമാക്കുന്നതിനും അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ഊന്നൽ നൽകിയാണ് ടി പദ്ധതി നടപ്പിലാക്കിയത്. ഔട്ട് പേഷ്യന്റ്, ഇൻ പേഷ്യന്റ്, ഇൻവെസ്റ്റിഗേഷൻ എന്നീ വിഭാഗങ്ങളിലായി 6924 പേർക്ക് ടി പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചിട്ടുണ്ട്.

**<u>x) "സഹകരണം സൗഹൃദം":-</u>** കേരള സംസ്ഥാന സഹകരണ ബാങ്ക്/ അർബൻ സഹകരണ ബാങ്കുകൾ/ പ്രാഥമിക സഹകരണ സംഘങ്ങൾ / ബാങ്കുകൾ മുഖേന **"സഹകരണം സൗഹൃദം"** എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ്പാ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം നാളിതു വരെ 519 വായ്പകളിലായി 4.30 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

**<u>xi) സഹായ ഹസ്തം വായ്പ്പാ പദ്ധതി:</u>**-പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ

ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ആട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി വായ്പാ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതിയാണ് **സഹായ ഹസ്തം വായ്പാ പദ്ധതി**. നാളിതു വരെ 6643 വായ്പകളിലായി 13.49 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന സഹകരണ ബാങ്ക്, മത്സ്യ വിപണനവുമായി ബന്ധപ്പെടുന്ന വനിതകൾക്ക് KB SAF- എന്ന പേരിൽ വായ്പാ പദ്ധതി, തെരുവ് കച്ചവടക്കാർക്ക് PMSVA Nidhi എന്ന പേരിൽ വായ്പാ പദ്ധതി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിൽ അന്വേഷകർക്കായി ഗവൺമെന്റ് സബ്സിഡിയോടുകൂടി KB – Navajeevan എന്ന വായ്പാ പദ്ധതി, സർക്കാർ സബ്സിഡിയോട് കൂടി PMEGP എംപ്ലോയ്മെന്റ് ജനറേഷൻ വായ്പാ പദ്ധതി, സർക്കാർ സബ്സിഡിയോട് കൂടി മൈക്രോ ഫുഡ് പ്രോസസിംഗ് മേഖലയിൽ PMFME വായ്പാ പദ്ധതി എന്നിവ നൽകി വരുന്നു.

സാമൂഹ്യ ക്ഷേമം ലക്ഷ്യമിട്ട് ചുവടെ പറയുന്ന പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് ആരംഭിച്ചിട്ടുണ്ട്.

i) സംസ്ഥാനത്ത് യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെ ഒന്നാം ഘട്ട 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 32 **യുവജന സഹകരണ സംഘങ്ങൾ** രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു. ടി സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സംഘങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ജില്ലാ തലത്തിൽ നോഡൽ ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ii) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങളുടെ ഉന്നമനത്തിനായി സർക്കാരിന്റെ രണ്ടാം 100 ദിന പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലും **യുവ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ** രജിസ്റ്റർ ചെയ്തു.

**iii) കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരന്മാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിൽ, സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ക്ഷേമത്തിനായി**

| | | | |
|---|---|---|---|
| | | | **പ്രവർത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കലാകാരന്മാരുടെ സംഘം രൂപീകരിച്ചു.**<br><br>iv) ഗിഗ്/ഓൺലൈൻ പ്ലാറ്റ് ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി **കേരള സ്റ്റേറ്റ് ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആന്റ് ഗിഗ് വർക്കേഴ്സ് വെൽഫയർ ഫെഡറൽ സഹകരണ സംഘം (ShopCosFed)** എന്ന പേരിൽ സംഘം രൂപീകരിച്ചു.<br><br>v) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകും വിധം സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി, സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കോട്ടയം ജില്ല ആസ്ഥാനമായി സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി **കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം** എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.<br><br>**കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ** സമൂഹത്തിന് പൊതുവിൽ പ്രയോജനപ്പെടുന്ന പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടുകൂടി താൽകാലിക സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തിവരുന്നു. ഉത്സവകാല സബ്സിഡി വിപണികളിലൂടെയും സാധാരണ സമയങ്ങളിൽ പൊതു കമ്പോളത്തേക്കാൾ വിലക്കുറവിലും അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൺസ്യൂമർ ഫെഡ് സ്വീകരിച്ചു വരുന്നുണ്ട്.<br><br>**നീതി മെഡിക്കൽ സ്റ്റോറുകൾ** വഴി നിലവിൽ 16% മുതൽ 85% വരെ വിലക്കിഴിവിലാണ് മരുന്നുകൾ ഉപഭോക്താക്കൾക്ക് നൽകി വരുന്നത്. കൂടാതെ എല്ലാ വർഷവും സ്റ്റുഡന്റ്സ് മാർക്കറ്റുകൾ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രകൃതിദുരന്തങ്ങൾ, മഹാമാരി തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ വരുമാനം നിലച്ചുപോകുന്ന കുടുംബങ്ങളുടെ അതിജീവനത്തിനായി ഒരു പ്രത്യേക നിക്ഷേപം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലൂടെ സ്വരൂപിച്ചെടുക്കുന്നതിനായി സഹകരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പ്രകൃതി ദുരന്തങ്ങളിലും, മഹാമാരിയിലും സമാനമായ മറ്റ് അടിയന്തര സാഹചര്യങ്ങളിലും വരുമാനം നിലച്ചുപോകുന്ന കുടുംബങ്ങളെ അത്തരം അടിയന്തര സാഹചര്യങ്ങളെ അതിജീവിക്കാൻ പ്രാപ്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, അംഗങ്ങൾക്കും ഇടപാടുകാർക്കും വേണ്ടി നടപ്പാക്കുന്ന ഒരു പ്രത്യേക നിക്ഷേപ പദ്ധതിയാണ് **"കുടുംബത്തിന് ഒരു കരുതൽ ധനം"** എന്ന നിക്ഷേപ പദ്ധതി. സർക്കാരിന്റെ മൂന്നാം നൂറു ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടമായി പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി "കുടുംബത്തിന് ഒരു കരുതൽ ധനം" എന്ന നിക്ഷേപ പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയിലെ ചുരുങ്ങിയ നിക്ഷേപം 25000/- രൂപയും പരമാവധി നിക്ഷേപം 3 ലക്ഷം രൂപയും ആയിരിക്കുന്നതാണ്. ടി നിക്ഷേപ പദ്ധതിയുടെ ചുരുങ്ങിയ കാലാവധി 5 വർഷവും കൂടിയ കാലാവധി 10 വർഷവുമായിരിക്കും. ആവശ്യമെങ്കിൽ കാലാവധിക്കു ശേഷവും ഈ പദ്ധതിയിൽ പുനർ നിക്ഷേപം നടത്താവുന്നതാണ്. ഈ പദ്ധതി പ്രകാരമുള്ള നിക്ഷേപങ്ങൾ പ്രകൃതി ദുരന്തം, മഹാമാരി, കുടുംബത്തിലുണ്ടാകുന്ന മഹാരോഗങ്ങൾ, മരണം, വിവാഹം തുടങ്ങിയ അത്യാവശ്യ സന്ദർഭങ്ങളിലെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടി മാത്രമേ വിനിയോഗിക്കാവൂ. ദൈനംദിന കാര്യങ്ങളുമായി ബന്ധപ്പെട്ടോ, ഏതെങ്കിലും ആഘോഷങ്ങളുമായി ബന്ധപ്പെട്ടോ ഉണ്ടാകുന്ന സാമ്പത്തിക ആവശ്യങ്ങൾക്ക് ഈ തുക പിൻവലിക്കാവുന്നതല്ല. പാലക്കാട് ജില്ലയിലെ 32 സർവ്വീസ് സഹകരണ ബാങ്കുകളിൽ 269 അക്കൗണ്ടുകളിലായി 2,05,45,933/- രൂപയുടെ നിക്ഷേപം സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പിന്നാക്ക, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ചികിത്സയും ആരോഗ്യസംരക്ഷണവും സഹകരണമേഖലയിലൂടെ പ്രദാനം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര ആരോഗ്യ പരിപാലനം ഉറപ്പ് വരുത്തുന്നതിനായി സഹകരണ ആശുപത്രികൾക്ക് ഗ്രാന്റ്, ഓഹരി ഇനങ്ങളിൽ ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുകയും ടി പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് ആയി അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി, പെരിന്തൽമണ്ണ ഇ.എം.എസ് സഹകരണ ആശുപത്രിയുമായി സഹകരിച്ച് 2017-2022 കാലയളവിൽ ഈ പദ്ധതി വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.<br><br>അട്ടപ്പാടി മേഖലയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പദ്ധതി കാലയളവിൽ സൗജന്യമായി |

| | | | |
|---|---|---|---|
| | | | സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ, പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയിൽ ലഭ്യമാക്കുന്ന പ്രവർത്തനങ്ങളാണ് ടി പദ്ധതിയിലൂടെ നിർവഹിച്ചത്. ഗർഭിണികളായ സ്ത്രീകൾക്കും ശിശുക്കൾക്കും പ്രത്യേക പരിചരണവും പോഷകാഹാരവും ലഭ്യമാക്കുന്നതിനും അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ഊന്നൽ നൽകിയാണ് ടി പദ്ധതി നടപ്പിലാക്കിയത്. ഔട്ട് പേഷ്യന്റ്, ഇൻ പേഷ്യന്റ് ഇൻവെസ്റ്റിഗേഷൻ എന്നീ വിഭാഗങ്ങളിലായി 6924 പേർക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (ഡി) | നിരാലംബരും അശരണരുമായ സഹകാരികളുടെ ചികിത്സാ സഹായത്തിനും ക്ഷേമത്തിനുമായി നടപ്പിലാക്കിയ ആശ്വാസനിധി എന്ന പദ്ധതി കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | അശരണരായ സഹകാരികൾക്കുള്ള ആശ്വാസ നിധി എന്ന പദ്ധതി പ്രകാരം വാർഷിക വരുമാനം 36,000/- രൂപയിൽ താഴെ ഉള്ളവരും, നിരാലംബരുമായ സഹകാരികൾക്ക് രോഗ ശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി പരമാവധി 50,000/- രൂപയും സഹകാരികൾ മരണപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അവരുടെ ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം നൽകുന്നതിനുമാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ടി പദ്ധതി കാലോചിതമായി പരിഷ്കരിച്ച് വാർഷിക വരുമാന പരിധി 3,00,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടി പദ്ധതി പ്രകാരം 387 അപേക്ഷകളിലായി 1,02,80,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ